## പതിമൂന്നാം കേരള നിയമ സഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 3398 — 14.07.2015-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങളിൽ നിന്നും മെച്ചപ്പെട്ട സേവനങ്ങൾ

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

മറുപടി ..

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാധാരണ ജനങ്ങൾക്ക് പ്രയോജനകരമായ സേവനങ്ങൾ ലഭ്യമാക്കാൻ സ്ഥാപിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളിൽ വേണ്ടത്ര പരിശീലനവും പരിജ്ഞാനവുമില്ലാത്തവർ പ്രവൃത്തിയെടുക്കുന്നതു കാരണം നിശ്ചിത സമയത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്തതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അപാകതകൾ പരിഹരിക്കുവാൻ കർശന നിർദ്ദേശം നൽകുമോ : | (എ) | ഇല്ല. ത്രിതല പരീക്ഷണ പ്രക്രിയയിലൂടെ തിരഞ്ഞെടുക്കപ്പെട്ട അക്ഷയ സംരംഭകരാണ് അക്ഷയ കേന്ദ്രങ്ങൾ നടത്തിവരുന്നത്. അക്ഷയ വഴി നൽകി വരുന്ന എല്ലാ സേവനങ്ങൾക്കും ഒരു പ്രാരംഭ തല പരിശീലനം അക്ഷയ സംരംഭകർക്ക് നൽകിവരുന്നുണ്ട്. ആയതിനാൽ പരിശീലനവും പരിജ്ഞാനവും ഇല്ലാത്തതുകാരണം സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്തതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസിനേക്കാൾ കൂടുതൽ തുക സ്വീകരിക്കുന്നതായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ അത് പരിഹരിക്കുവാൻ കർശന നിർദ്ദേശം നൽകാനും ഓരോ സേവനത്തിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ | (സി) | ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫീസ് നിരക്കുകളുടെ ചാർട്ട് എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നൽകിയിട്ടുണ്ട്. എന്നാൽ ചില |

| | | | | |
|---|---|---|---|---|
| | വിശദാംശങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ; കൂടുതൽ ഫീസ് ഈടാക്കുന്ന കേന്ദ്രങ്ങളുടെ അംഗീകാരം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ? | | സേവനങ്ങളുടെ സർവീസ് ചാർജ്ജിൽ ഭേദഗതി വന്നിട്ടുള്ളതിനാൽ അവ പുതുതായി അച്ചടിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിൽ ഇ-ഡിസ്ട്രിക്ട് സേവനങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് പ്രദർശിപ്പിക്കുവാൻ എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, അക്ഷയ ജില്ല / സംസ്ഥാന , ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുകയും കൂടുതൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിഴ ഈടാക്കുകയും വീണ്ടും കൂടിയ നിരക്കിൽ ഫീസ് ഈടാക്കുന്ന പക്ഷം അക്ഷയ സംരംഭകത്വം റദ്ദ് ചെയ്യുകയും ചെയ്തു വരുന്നു. |

Biny

സെക്ഷൻ ഓഫീസർ